## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.51. 07.01.2014 ൽ മറുപടിയ്ക്ക്.

### <u>ഹെവി വാഹനങ്ങൾക്ക് ദേശീയ പെർമിറ്റ്</u>

| ചോദ്യം<br>ശ്രീ. എം. ഉമ്മർ<br>,, റ്റി. എ. അഹമ്മദ് കബീർ<br>,, എം. പി. അബ്ദുസ്സമദ് സമദാനി<br>,, കെ. മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(പരിസ്ഥിതിയും വനവും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) ടൂറിസ്റ്റ് ബസ്സുകൾക്ക് ഒറ്റത്തവണ നികുതി ഈടാക്കി ദേശീയ പെർമിറ്റ് നൽകാനുള്ള കേന്ദ്ര നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) അത് നടപ്പായാൽ സംസ്ഥാന - ത്തിന്റെ നികുതി വരുമാനത്തെ ഏതു വിധത്തിലായിരിക്കും ബാധിക്കുക എന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | ഉണ്ട്. ചരക്കുവാഹനങ്ങൾക്ക് നാഷണൽ പെർമിറ്റ് സംവിധാനം കൊണ്ടുവന്ന സമയത്ത് കേന്ദ്രസർക്കാർ കേരള സംസ്ഥാന സർക്കാരിനു നിശ്ചയിച്ചിട്ടുള്ള വിഹിതം (share) മറ്റു സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിഹിതത്തേക്കാൾ വളരെ കുറവാണ്. ടൂറിസ്റ്റ് വാഹനങ്ങൾക്ക് നാഷണൽ പെർമിറ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഫലമായി സംസ്ഥാനത്തിനു ലഭിക്കേണ്ടതായ വിഹിതത്തിൽ കുറവ് വരാതിരിക്കുന്നതിനായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് മറ്റു സംസ്ഥാനങ്ങളിൽ പോകുന്ന വാഹനങ്ങളിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തേയ്ക്ക് സ്പെഷ്യൽ പെർമിറ്റ് എടുത്ത് സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽ നിന്നും കഴിഞ്ഞ 5 വർഷങ്ങളിൽ ഈടാക്കിയിട്ടുള്ള ടാക്സും ഫീസും സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br>കർണ്ണാടക പോലുള്ള മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ടൂറിസ്റ്റ് വാഹനങ്ങൾക്ക് കേരളത്തിൽ ഈടാക്കുന്ന നികുതി തുലോം കുറവായതിനാൽ കേരളത്തിൽ നിലവിലുള്ള നികുതി നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ |

| | | |
|---|---|---|
| | | നികുതി നിശ്ചയിച്ചുകൊണ്ട് ടൂറിസ്റ്റ് വാഹനങ്ങൾക്ക് നാഷണൽ പെർമിറ്റ് സമ്പ്രദായം ഏർപ്പെടുത്തി ഇന്ത്യ മുഴുവനായി ഒരു ഏകീകൃത നികുതി സമ്പ്രദായം നടപ്പാക്കുന്നത് സംസ്ഥാനത്തിന് ഗുണകരമാണ്. എന്നാൽ ചരക്ക് വാഹനങ്ങൾക്ക് ഈ സമ്പ്രദായം ഏർപ്പെടുത്തിയപ്പോൾ, തൊട്ടുമുമ്പുള്ള 3 സാമ്പത്തിക വർഷങ്ങളിൽ നാഷണൽ പെർമിറ്റ് വാഹനങ്ങളിൽ നിന്ന് സംസ്ഥാന സർക്കാരിന് ലഭിച്ച ശരാശരി വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഹിതം നിശ്ചയിക്കുന്നതിനായി സ്വീകരിച്ച അതേ മാനദണ്ഡമാണ് ടൂറിസ്റ്റ് വാഹനങ്ങളുടെ കാര്യത്തിലും സ്വീകരിക്കുന്നതെങ്കിൽ അത്തരം വാഹനങ്ങൾക്ക് നികുതി നിരക്ക് കൂടുതൽ ഈടാക്കിവരുന്ന മറ്റു സംസ്ഥാനങ്ങൾക്കു ലഭിക്കുന്ന അത്രയും പ്രയോജനം കേരളത്തിന് ലഭിക്കുകയില്ല. |
| (സി) ചരക്കുലോറികൾക്കും ട്രക്കുകൾക്കും ഈ രീതി നടപ്പാക്കിയത് സംസ്ഥാന താല്പര്യങ്ങളെ ഏതു വിധത്തിൽ ബാധിച്ചു എന്ന് വിശദമാക്കുമോ? | (സി) | ചരക്ക് വാഹനങ്ങൾക്ക് നാഷണൽ പെർമിറ്റ് സമ്പ്രദായം കൊണ്ടുവരുന്നതിന് തൊട്ടു മുമ്പുള്ള 3 സാമ്പത്തിക വർഷങ്ങളിൽ നാഷണൽ പെർമിറ്റ് വാഹനങ്ങളിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച ശരാശരി വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാനത്തിന് വിഹിതം നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ നിശ്ചയിച്ചിട്ടുള്ള വിഹിതം മറ്റു സംസ്ഥാനങ്ങൾക്കുള്ള വിഹിതത്തെ അപേക്ഷിച്ച് കുറവാണ്. |

സെക്ഷൻ ഓഫീസർ.